വനോൽപ്പന്നങ്ങൾ കള്ളക്കടത്ത്

*357 [376] ശ്രീ. റനി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനോൽപ്പന്നങ്ങൾ വ്യാപകമായ തോതിൽ കള്ളക്കടത്ത് നടത്തുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) എത്ര കേസ്സുകൾ നടത്തിയിട്ടുണ്ട്;

(ഡി) ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) അവർ ആരെല്ലാമാണ്; അവരുടെ പേരിലുള്ള ആക്ഷേപങ്ങൾ എന്തെല്ലാമാണ്?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ പി. എസ്. ശ്രീനിവാസൻ):

(എ) കള്ളക്കടത്തു നടക്കുന്നതായി സർക്കാരിനു അറിവുണ്ട്.

(ബി) നിയമാനുസൃതമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്.

(സി) ഇതുവരെ 420 കേസ്സുകൾ ചാർജ്ജു ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

ചെറുകിട വ്യവസായികോൽപ്പന്നങ്ങൾ

*358 [377] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുകിട വ്യവസായങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ പതിനഞ്ചു ശതമാനം വില കൂട്ടി ഗവൺമെൻറ്, അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങൾ വാങ്ങണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വ്യവസ്ഥയനുസരിച്ച് എല്ലാ ഡിപ്പാർട്ടുമെൻറുകളും അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളും സാധനങ്ങൾ വാങ്ങുന്നുണ്ടോ;

(സി) ഈ വ്യവസ്ഥ പാലിക്കാത്ത ഡിപ്പാർട്ടുമെൻറുകളുടെ മേലും, അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളുടെ മേലും നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പരാതിയിൻമേൽ നടപടി സ്വീകരിക്കുന്നുണ്ട്.

ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് ആവശ്യമായ സംരക്ഷണം

*359 [378] ശ്രീ. പി. പി. എസ്തോസ്:

,, എസ്. തങ്കപ്പൻ പിള്ള:

,, എം. കെ. കൃഷ്ണൻ:

,, പി. ആർ. ശിവൻ:

,, ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കൊള്ള തടയുന്നതിനും വനസമ്പത്തു സംരക്ഷിക്കുന്നതിനും നിയുക്തരായിട്ടുള്ള ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനു ആവശ്യമായ സംരക്ഷണം ഗവൺമെൻറ് നൽകണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യങ്ങൾ അംഗീകരിച്ചു നടപ്പിലാക്കാൻ എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പല സ്ഥലത്തും വനം വെട്ടിത്തെളിക്കൽ നടക്കുന്നതായും ജീവനക്കാർക്ക് രാഷ്ട്രീയ പാർട്ടികളുടെ ഭീഷണി നേരിടേണ്ടി വരുന്നതായും ഉള്ള പരാതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ആവശ്യങ്ങൾ പരിശോധിക്കുകയാണ്. അവർക്ക് ആയുധ പരിശീലനം നൽകുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലാണ്. പോലീസ് ഉദ്യോഗസ്ഥൻമാരടങ്ങുന്ന ഒരു വനസംരക്ഷണസേനയും രൂപീകരിച്ചിട്ടുണ്ട്.

(സി, ഡി) വനം വെട്ടിത്തെളിച്ചു കയ്യേറുന്നതിനുള്ള നീക്കങ്ങൾ അപ്പഴപ്പോൾ കണ്ടുപിടിച്ച് കയ്യേറിയവരെ ഒഴിപ്പിച്ച് വരുന്നുണ്ട്. 1977 ജനുവരി ഒന്നിനു മുമ്പ് കയ്യേറിയവ ഒഴിപ്പിക്കുന്നതിനെപ്പറ്റി ഒരു പൊതു നയം സ്വീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly